**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4879** **02-07-2024 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗങ്ങൾക്ക് നൽകുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ-മറ്റു പിന്നാക്ക വിഭാഗക്കാർക്ക് നല്കുന്ന സേവനങ്ങളും ക്ഷേമ പ്രവൃത്തികളും മെച്ചപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | പട്ടികജാതി വിഭാഗക്കാർക്ക് നൽകുന്ന സേവനങ്ങളും ക്ഷേമ പ്രവർത്തികളും മെച്ചപ്പെടുത്താൻ നടപ്പ് സാമ്പത്തിക വർഷം പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം - I ആയി** ചേർക്കുന്നു.<br><br>**പട്ടികവർഗ്ഗ** വിഭാഗക്കാർക്ക് നൽകുന്ന സേവനങ്ങളും ക്ഷേമപ്രവൃത്തികളും മെച്ചപ്പെടുത്തുന്നതിന് പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**1. വിദേശത്തും സംസ്ഥാനത്തിനു പുറത്തും പഠിക്കുന്നതിനുള്ള സ്കോളർഷിപ്പുകൾ**<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റ്/ സംവരണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിനു പുറത്തും, വിദേശങ്ങളിലുമുള്ള സ്ഥാപനങ്ങളിൽ ഉപരിപഠനത്തിനായി ഈ പദ്ധതിയിലൂടെ സ്കോളർഷിപ്പ് നൽകുന്നതാണ്. സംസ്ഥാനത്തിന് പുറത്തുള്ള സർവകലാശാലകളിലും പ്രശസ്തമായ വിദേശ സർവകലാശാലകളിലും ഉന്നത വിദ്യാഭ്യാസം നേടുന്ന പട്ടികവർഗക്കാരായ വിദ്യാർത്ഥികൾക്ക് ഈ പദ്ധതി വഴി സാമ്പത്തിക സഹായവും ലോജിസ്റ്റിക് പിന്തുണയും നൽകുന്നു. 38 വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒഡെപെകിന്റെ (ODEPC) സഹകരണത്തോടെ 3 പട്ടികവർഗ വിദ്യാർത്ഥികൾക്ക് വിദേശ പഠന ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>**2. വിംഗ്സ് (വ്യോമയാന മേഖലയിലെ നൈപുണ്യ വികസന പരിപാടി)** |

വ്യോമയാന മേഖലയിലെ തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ പട്ടികവർഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള നൈപുണ്യ വികസന പരിശീലന പരിപാടിയാണ് വിംഗ്സ്. ഈ പദ്ധതിയിലൂടെ പൈലറ്റ്, എയർ ഹോസ്റ്റസ് (ക്യാബിൻ ക്രൂ), എയർലൈൻ & എയർപോർട്ട് മാനേജ്‌മെന്റ് കോഴ്സ് ,എയർലൈൻ കസ്റ്റമർ സർവ്വീസ് കോഴ്സ്, സപ്ലൈ ചെയിൻ & ട്രാൻസ്പോർട്ട് മോഡ്യുകൾ, ഫൗണ്ടേഷൻ ഇൻ ട്രാവൽ & ടൂറിസം കോഴ്സുകൾ തുടങ്ങിയവയിലും കൂടാതെ എയർലൈൻ മേഖലയിൽ തൊഴിൽ സാധ്യതയുള്ള മറ്റ് അനുബന്ധ കോഴ്സുകളിലും പരിശീലനം നൽകുന്നതാണ്. കോഴ്സ് ഫീസ്, കോഴ്സ് കാലയളവിലെ താമസം, യാത്രാ സൗകര്യങ്ങൾ കൂടാതെ അവരുടെ അവശ്യചെലവുകൾക്കുള്ള സഹായങ്ങൾ എന്നിവ ഈ പദ്ധതിയിലൂടെ നൽകുന്നതാണ്.

### 3. <u>ഉന്നതി - സംരംഭകത്വ വികസന പരിപാടിയും സ്റ്റാർട്ടപ്പുകളും</u>

വിദ്യാസമ്പന്നരായ പട്ടികവർഗക്കാർക്കിടയിൽ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. പുതിയ നിക്ഷേപങ്ങൾ, ഗവേഷണം, വികസനം, വിപണനം, ബിസിനസ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായി സംരംഭകർക്ക് സഹായം നൽകുന്നതാണ്. ഈ പദ്ധതിക്ക് കീഴിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ നടത്തുന്ന സംരംഭങ്ങൾക്കും സ്റ്റാർട്ടപ്പ് സ്ഥാപനങ്ങൾക്കും ഒറ്റത്തവണ സാമ്പത്തിക സഹായം നൽകും. ബിസിനസ് ആശയം പ്രാവർത്തികമാക്കുന്നതിനുള്ള സാമ്പത്തിക സഹായം, പ്രോട്ടോടൈപ്പ് വികസനം, ഉൽപ്പന്ന പരീക്ഷണങ്ങൾ, വിപണി പ്രവേശനം, ബിസിനസ് വ്യാപനം തുടങ്ങിയവക്കായി സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്.

### 4. <u>കാറ്റാടി (കേരള ആക്സിലറേറ്റഡ് ട്രൈബൽ എബിലിറ്റി ഡെവലപ്മെന്റ് ആന്റ് ഇൻക്ലൂഷൻ ഇനിഷ്യേറ്റീവ്</u>

ഭിന്നശേഷിയുള്ള പട്ടികവർഗക്കാർക്ക് അവരുടെ വൈകല്യങ്ങൾ മറികടക്കാൻ വീൽ ചെയറുകളും ശ്രവണ സഹായികളും ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ആദ്യഘട്ടത്തിൽ വയനാട് ജില്ലയിൽ നടപ്പാക്കുന്ന പരിപാടി മറ്റു ജില്ലകളിലേക്കും

| | | | |
|---|---|---|---|
| | | | വ്യാപിപ്പിക്കുന്നതാണ്. പട്ടികവർഗ വികസന വകുപ്പും, ഭിന്നശേഷിക്കാരുടെ നൈപുണ്യ വികസനവും പുനരധിവാസവും ശാക്തീകരണവും ലക്ഷ്യം വച്ച് കേന്ദ്ര സാമൂഹിക നീതി മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട്ടുള്ള കോമ്പോസിറ്റ് റീജിയണൽ സെന്ററും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. വയനാട്, കോഴിക്കോട് ജില്ലകളിലുമായി 63 പേർക്ക് സഹായോപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.<br><br>പിന്നാക്ക വിഭാഗ വികസനത്തിനായി മൂന്നു പുതിയ പദ്ധതികൾ 2024-25 മുതൽ നടപ്പാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ **അനുബന്ധം - II** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

## 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പുതിയ ഘടകങ്ങൾ/പദ്ധതികൾ

- വരുമാന വീട് (പട്ടികജാതി നഗറുകളുടെ സാമ്പത്തിക പുനർനിർമ്മാണം)- പട്ടികജാതി വിഭാഗങ്ങളിലെ ജനങ്ങളുടെ സ്വാശ്രയത്വവും സാമ്പത്തിക ശാക്തീകരണവും പ്രോത്സാഹിപ്പിക്കുന്നതിനായി, പട്ടികജാതി നഗറുകളെ വൻതോതിലുള്ള ഉൽപ്പാദന കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുക എന്നതാണ് ഈ പരിപാടി ലക്ഷ്യമിടുന്നത്.
- ഏബിൾ കേരള - സാമൂഹ്യ നീതി വകുപ്പിന്റെ 'അംഗപരിമിത സെൻസസ് റിപ്പോർട്ട് 2015' പ്രകാരം 86755 ഭിന്നശേഷിക്കാർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായിരുന്ന സാഹചര്യത്തിൽ, പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പരിചരണം നൽകാനാണ് ഈ പരിപാടിയിൽ ഉദ്ദേശിക്കുന്നത്.
- ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ, കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പരിപാടിയിൽ സംരംഭകത്വ, സാമ്പത്തിക ശാക്തീകരണ പരിപാടികൾ ആരംഭിക്കുന്നതിന് പട്ടികജാതി അയൽക്കൂട്ടങ്ങൾക്കും (എൻഎച്ചജികൾ) ഓക്സിലറി ഗ്രൂപ്പുകൾക്കും സഹായം.
- അതിദരിദ്രർക്കുള്ള സപ്പോർട്ട് പ്രോഗ്രാം (എസ.പി.ഇ.പി) - അതിദാരിദ്ര്യ തിരിച്ചറിയൽ പ്രക്രിയയിലൂടെ (ഇ.പി.ഐ.പി) കണ്ടെത്തിയ അതിദരിദ്രർക്കായി തയ്യാറാക്കി നടപ്പിലാക്കുന്ന മൈക്രോ പ്ലാനുകൾക്കായി വകയിരുത്തുന്ന തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ ഫണ്ടിൽ കുറവ് വരുന്ന പക്ഷം ഗ്യാപ് ഫണ്ട് അനുവദിക്കുകയും സംസ്ഥാനതലത്തിൽ അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനും മൈക്രോ പ്ലാനുകളുടെ നടത്തിപ്പിനുമായ ഒരു സംവിധാനം രൂപീകരിക്കുകയും ചെയ്യുക.
- ഹോപ്പ് (ഹെൽപ് അവർ പീപ്പിൾ ഇൻ എമർജൻസി) - മാതാപിതാക്കൾ മരണപ്പെട്ട, 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള ഒരു പ്രത്യേക പാക്കേജ് ആണിത്. ഡിപ്പാർട്മെന്റിന്റെ നിലവിലുള്ള പദ്ധതികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അവരെ സ്വയം പര്യാപ്തരാക്കുന്നതിനുള്ള വിദ്യാഭ്യാസപരമായും മാനസികവുമായ പിന്തുണയാണ് പരിപാടിയിലൂടെ നൽകുന്നത്.

- സേവ് ക്ലബ്ബ്കൾ (സോഷ്യൽ ആക്ഷൻ ആൻഡ് വോളന്ററി എഡ്യൂക്കേഷൻ) - കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കായും, നേതൃത്വ ക്യാമ്പയിനുകൾ, അവധിക്കാല ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയ വിവിധ പരിപാടികൾ habitat തലത്തിൽ സമൂഹത്തിന്റെ ഉന്നമനത്തിനായി നടത്തുന്നതിനും ഡെവലപ്മെന്റ് ഫെസ്റ്റും മറ്റ് അത്തരം പ്രചാരണങ്ങളും സംഘടിപ്പിക്കുന്നതിനും ആയി യൂത്ത് ക്ലബ്ബ്കൾ രൂപീകരിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുക.
- ഹോം സർവ്വേ - കേരളത്തിലെ 30.39 ലക്ഷം പട്ടികജാതിക്കാരെയും 26,342 പട്ടികജാതി നഗറുകളെയും , ഉൾക്കൊള്ളുന്ന ആൻഡ്രോയിഡ് അധിഷ്ഠിത സാമൂഹിക-സാമ്പത്തിക സർവ്വേ സാധ്യമാക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിൽ ഡാറ്റ ബാങ്ക് സ്ഥാപിക്കുന്നു.
- പൊതുമേഖലാ സ്ഥാപനങ്ങളിൽ അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീ യുവാക്കൾക്ക് ഇന്റേൺഷിപ് പ്രോഗ്രാമുകൾ.

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4879 – നുള്ള മറുപടിയുടെ വിശദീകരണക്കുറിപ്പ്

### 1)ഒ ബി സി വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി

ടി പദ്ധതി പ്രകാരം പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് വായ്പാ സബ്സിഡി അനുവദിക്കുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന അപേക്ഷ സ്വീകരിക്കുകയും അർഹതയുള്ളവർക്ക് വായ്പാ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നു. വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ സബ്സിഡി നൽകുന്നു. വരുമാന പരിധി 2.5 ലക്ഷം രൂപ.2 024-25 സാമ്പത്തിക വർഷം പുതുതായി ആരംഭിക്കുന്ന ഈ പദ്ധതിയ്ക്ക് 275 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

### 2)മൊബൈൽ സ്ട്രീറ്റ് വെന്റിംഗ് കാർട്ട്

സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെട്ട വഴിയോര കച്ചവടക്കാർക്ക് പുതിയ മോഡലിലുള്ള വെന്റിംഗ് കാർട്ടുകൾ നൽകുന്നതിനായി നടപ്പ് വർഷം മുതൽ നടപ്പാക്കുന്ന പദ്ധതി. ഇത്തരത്തിലുള്ള ഒരു കാർട്ടിന് 45000/- രൂപ വില വരുന്നതാണ്. ഒരു വർഷം 45 ലക്ഷം രൂപ വകയിരുത്തിയാൽ 100 പേർക്ക് അനുവദിച്ച് നൽകാൻ സാധിക്കുന്നു. 2024-25 സാമ്പത്തിക വർഷം 2225-03-102-82 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 45,00,000/- രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

### 3)എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട്-അപ്പ് സംരംഭങ്ങൾ

എഞ്ചിനീയറിംഗ് മേഖലയിൽ കഴിവുതെളിയിക്കുവാൻ ആഗ്രഹിക്കുന്ന പ്രൊഫഷണൽസിന് joint venture രീതിയിൽ സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി. സർക്കാർ/സർക്കാർ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും വിവിധ എഞ്ചിനീയറിംഗ് മേഖലകളിൽ ബിരുദ പഠനം പൂർത്തിയാക്കിയ 5 പേരടങ്ങുന്ന ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ധനസഹായം നൽകുന്നത്. നടപ്പ് വർഷം മുതൽ നടപ്പാക്കുന്നു. 15 പേരടങ്ങുന്ന 25 ഗ്രൂപ്പുകൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ അനുവദിക്കുന്നു. ഓരോ ഗ്രൂപ്പിലും 80% പേർ ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവരായരിക്കണം. 2024-25 സാമ്പത്തിക വർഷം ഈ പദ്ധതിയാക്കായി 2225-03-102-83 ബഡ്ജറ്റ് ശീർഷകത്തിൽ 250,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

-------------